"ഭരണഭാഷ - മാതൃഭാഷ"

**വിവരാവകാശം/ മറുപടി**

നമ്പർ:ഇ4-36645/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം -695 033.
തീയതി: 18.11.2017.
Email: swdkerala@gmail.com
Phone: 0471- 2306040.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ്,
തിരുവനന്തപുരം.

ശ്രീമതി. നിഷ സുനിൽകുമാർ
പുളിക്കത്തറ (H),
മുണ്ടത്തിക്കോട് (പി.ഒ.),
ആര്യംപാടം - 680 601.

മാഡം,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശം - മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന: താങ്കളുടെ 24.10.2017 ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ.

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ക്രമമായി ചുവടെ ചേർക്കുന്നു.

1. ഈ വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ ക്ലാർക്കിന്റെ കേഡർ സ്ട്രെങ്ത് 18 തസ്തികകളാണ്. ഈ 18 തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ മാത്രമാണ് പി.എസ്.സി. മുഖേനയും മറ്റ് മാർഗ്ഗങ്ങൾ (ചട്ട പ്രകാരമുള്ള ആശ്രിത നിയമനം, ബൈ ട്രാൻസ്ഫർ നിയമനം മുതലായവ) മുഖേനയും നികത്തപ്പെടുന്നത്. 31.10.2017 തീയതിയിൽ 16 ജീവനക്കാർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്നു. രണ്ട് ഒഴിവുകളിലേക്ക് നിയമന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
    a. നോൺ കേഡർ സ്ട്രെങ്ത് ആയ സൂപ്പർന്യൂമററി തസ്തികയിൽ ഒരാൾ സേവനമനുഷ്ഠിക്കുന്നുണ്ട്.
    b. ആന്റിസിപ്പേറ്ററി, Fresh, NJD ഒഴിവുകൾ ഇല്ല.

2. 2015 മാർച്ച് 31 മുതൽ 2017 ഒക്ടോബർ 23 വരെ 3 തവണ എൽ.ഡി. ക്ലാർക്കിൽ നിന്നുള്ള ഉദ്യോഗക്കയറ്റം ഉണ്ടായിട്ടുണ്ട്. അതിൽ തൃശ്ശൂർ ജില്ലയിൽ 9 പേർക്ക് ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുണ്ട്. സ്ഥാനക്കയറ്റ ഒഴിവുകളിൽ 8 എണ്ണം പി.എസ്.സി. മുഖേനയും ഒരെണ്ണം ലാസ്റ്റ് ഗ്രേഡിൽ നിന്നുള്ള ബൈട്രാൻസ്ഫർ നിയമനം മുഖേനയും നികത്തിയിട്ടുണ്ട്.

PL

3. ഈ വകുപ്പിന് കീഴിൽ 16.08.2017 ലെ Adv. C3/304/A/P&ARD ഉത്തരവ് പ്രകാരം 2018 ജനുവരി 1 മുതലുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ടിട്ടില്ല.

4. ബാധകമല്ല.

5. 2015 ഏപ്രിൽ 1 മുതൽ 2017 ഒക്ടോബർ 31 വരെയുള്ള കാലയളവിൽ ക്ലാർക്ക് തസ്തികയിൽ തൃശ്ശൂർ ജില്ലയിൽ 9 പേർക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. ടി കാലയളവിൽ ഈ തസ്തികയിൽ നിന്ന് വിരമിച്ച ജീവനക്കാർ ഇല്ല.

6. ഈ വകുപ്പിന് കീഴിൽ ക്ലാർക്ക്/ ക്ലാർക്ക് ടൈപ്പിസ്റ്റും, സീനിയർ ക്ലാർക്കും തമ്മിൽ 1:1 എന്ന ആനുപാതത്തിലാണ് വേർതിരിക്കുന്നത്. ഇത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് ഈ കാര്യാലയത്തിൽ ലഭ്യമല്ല.

7. G.O.(MS)No. 174/12/GAD dated: 06.07.2012, G.O.(MS)No. 249(2013/GAD) dated: 02.09.2013 ഉത്തരവുകൾ പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ തൃശ്ശൂർ ജില്ലയിൽ ആരും നിയമിക്കപ്പെട്ടതായി കാണുന്നില്ല.

താങ്കൾ ഈ മറുപടിയിൽ തൃപ്തനല്ലെങ്കിൽ, മറുപടി ലഭ്യമായി 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ എന്ന മേൽ വിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

**എസ്.എൽ. ശ്യാംശങ്കർ**
**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**& സീനിയർ സൂപ്രണ്ട്**

PL